(ഡി) സോളാർ പാർക്ക് പദ്ധതി പ്രകാരം ഇരുന്നൂറ് മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ നൂറ് മെഗാവാട്ട് വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് വഴിയാണ് നടപ്പിലാക്കുന്നത്. സോളാർ പാർക്ക് സ്കീം പ്രകാരം 100 മെഗാവാട്ട് ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ പദ്ധതിക്കായി കേരളാ സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ചർ ബോർഡ് ലിമിറ്റഡ് 31-3-2015-ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ SECI, IREDA-യും THDCIL-ഉം ആയി (50 മെഗാവാട്ട് വീതം) വെവ്വേറെ രണ്ടു ത്രികക്ഷി പ്രാരംഭ കരാർ ഒപ്പുവച്ചിട്ടുണ്ട്.

ആദിവാസി കോളനികളുടെ വൈദ്യുതീകരണം

19 (3172) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി എത്താത്ത ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എന്തെങ്കിലും പദ്ധതി ഇതിനായി ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിലുൾപ്പെട്ട കുത്തിപ്പുഴ, തച്ചമ്പാറ, കരിമ്പ എന്നീ പഞ്ചായത്തുകളിലെ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിനാവശ്യമായ നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) വൈദ്യുതി എത്താത്ത ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

താഴെ പറയുന്ന ആദിവാസി കോളനികളുടെ വൈദ്യുതീകരണത്തിനായി എസ്.റ്റി. ഡിപ്പാർട്ടുമെന്റിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

1. ഇടുക്കി-ഒഴുവാനടംകുടി, കുലമാൻ കുടി, പ്ലാമല, പട്ടായിറമ്പൻ കുടി, പടിക്കകുടി, പുഇക്കുടി, തലയിറപ്പൻ കുടി, മൈനപ്പാറ, കൊച്ചുകുടക്കൽ - പണി പുരോഗമിക്കുന്നു.
2. തൊടുപുഴ -ഇടമലക്കുടി കോളനി - ജോലി ആരംഭിച്ചിട്ടില്ല.
3. തിരുവനന്തപുരം - മേലേ അമല, താഴേ അമല, പത്തായം വച്ചപ്പ്, ആയിരംകൽ - ജോലി ആരംഭിച്ചിട്ടില്ല.

എറണാകുളം ജില്ലയിലെ പോങ്ങിൻചുവട്, ഇടുക്കി എന്നീ ആദിവാസി കോളനികളുടെ വൈദ്യുതീകരണം എസ്.റ്റി. ഡിപ്പാർട്ടുമെന്റിന്റെ 9-6-2015-ലെ മീറ്റിംഗിൽ പരിഗണിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പാവടിപ്പാറ, വരാൾപ്പതി എന്നീ ആദിവാസി

LIBRARY ARCHIVES Kerala Legislative Assembly

കോളനികൾ വനമേഖലയായതിനാൽ കേരളത്തിലെ വൈദ്യുത ഗ്രിഡുമായി ബന്ധിപ്പിക്കാവുന്നവയല്ല. എന്നാൽ തമിഴ്നാട് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്നവയാണ്. അതിനാൽ തമിഴ്നാട്ടിലെ വിതരണ കമ്പനിയായ "ടാൻ ജെഡ്കോ'- യുമായി ബന്ധപ്പെട്ട് ഈ കോളനികൾ വൈദ്യുതീകരിക്കുന്നതിന് നടപടി എടുത്തുവരുന്നു. പാലക്കാട് ജില്ലയിലെ 15 കോളനികളിൽ 531.83 ലക്ഷം രൂപ ചെലവിൽ 131.5 KW സ്ഥാപിത ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനായി ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ 5 കോളനികളിലേക്കുള്ള പദ്ധതി നിർവ്വഹണത്തിനായുള്ള വർക്ക്ഓർഡർ നൽകിയിട്ടുണ്ട്. ഇത് 2015 ഡിസംബറോടുകൂടി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് 10 കോളനികളിലേക്കുള്ള പുനർദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) തച്ചമ്പാറ, കരിമ്പ പഞ്ചായത്തുകളിലെ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് ഡി.ഡി.യു.ജി.ജെ.വൈ. - പദ്ധതിയിൽ ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

സോളാർ ഇൻവെർട്ടർ പ്രോൽസാഹന പദ്ധതി

20 (3173) ശ്രീ. പ്യഡി പ്യയിസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ ഇൻവെർട്ടറുകൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും വിശദാംശങ്ങളും വ്യക്തമാക്കാമോ ;

(സി) പദ്ധതിയിൻ കീഴിൽ ഉപഭോക്താവ് നൽകേണ്ട തുക എത്രയാണെന്നും സർക്കാരിന്റെ സബ്സിഡി ലഭ്യമാണോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സോളാർ ഇൻവെർട്ടറുകൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനായി 'സൺ ഷിഫ്റ്റ്' എന്നൊരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly